കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പൊൽപ്പുള്ളി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

E-mail:-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.11.1908/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി, 4.10.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പൊൽപ്പുള്ളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.11.1908/18 തീയതി – 4.10.2018

## പാലക്കാട് ജില്ലയിലെ പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.7.2017 മുതൽ 18.7.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : മാത്യു റോയ്,

ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19.07.2018 മുതൽ വരെ 31.07.2018 വരെ

| | | | |
|---|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.പി.സുജാത | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.പി.രമാദേവി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.എ.സുജാത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.ഐ.കന്തസ്വാമി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ജയന്തി.എസ്. | 1.4.17 മുതൽ 31.3.18 വരെ |
| സെക്രട്ടറി | ശ്രീ.നൗഷാദ്.എ.വൈ | 1.4.17 മുതൽ 31.3.18 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.ജോർജ്ജ് സ്വീറ്റ് | 1.4.17 മുതൽ 26.11.17 വരെ |
| | ശ്രീ.അർമുഖ പ്രസാദ് | 27.11.17 മുതൽ 31.3.18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സൈനുലാബ്ദീൻ.എ. | 1.4.17മുതൽ 31.3.18 വരെ |
| വി.ഇ.ഒ. | ശ്രീ.അസ്സൻ മുഹമ്മദ്.എ. | 1.4.17 മുതൽ 7.9.17 വരെ |
| | ശ്രീ.രൂപേഷ് | 8.9.17 മുതൽ 31.3.18 വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ലത.ഇ.എൻ | 1.4.17 മുതൽ 1.8.17 വരെ |
| | ശ്രീമതി.ശോഭന.കെ. | 2.8.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.പി.എസ്.രാമകൃഷ്ണൻ | 1.4.17 മുതൽ 31.3.18വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.വാണി ചന്ദ്രശേഖർ | 1.4.17 മുതൽ 30.8.17 വരെ |
| | ഡോ.ജിഹാന.പി. | 31.8.17 മുതൽ 31.3.18 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ഹേമ | 1.4.17 മുതൽ 31.3.18വരെ |
| വെറ്ററിനറി സർജൻ | ഡോ.ജയകൃഷ്ണൻ.ടി.ആർ. | 1.4.17 മുതൽ 31.3.18വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഡി.രാധിക | 1.4.17 മുതൽ 26.10.17 വരെ |
| | ശ്രീ.സജീഷ്കുമാർ | 27.10.17 മുതൽ 31.3.18 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ബജറ്റ്- അവലോകനം | 2-1 |
| 14 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവഹണം- വരവിനത്തിൽ കണ്ടെത്തിയ അപാകതകൾ | 2-2 |
| 15 | ഡി & ഒ ലൈസൻസ് ഇല്ലാതെ വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-3 |
| 16 | തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 2-4 |
| 17 | വാടക രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 2-5 |
| 18 | അനധികൃതമായി പന്നിഫാമുകൾ പ്രവർത്തിക്കുന്നു. നടപടി സ്വീകരിച്ചിട്ടില്ല | 2-6 |
| | ഭാഗം 3 | |
| 19 | തെരുവ് വിളക്കുകൾ പരിപാലനം | 3-1 |

| | | |
|---|---|---|
| 20 | മേൽപ്പുര റിപ്പയർ പ്രവർത്തിക്ക് അധികനിരക്കിൽ ധനസഹായം അനുവദിച്ചു | 3-2 |
| 21 | കാർഷിക മേഖലയിൽ അംഗീകാരം ലഭ്യമാക്കിയ പദ്ധതികൾ നടപ്പിലാക്കിയില്ല | 3-3 |
| 22 | ഉഴവുകൂലി പദ്ധതിക്കായി ലഭ്യമായ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിൽ കാലതാമസം | 3-4 |
| 23 | ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ് - അർഹമായതിലും കുറവായി ധനസഹായം വകയിരുത്തി | 3-5 |
| 24 | മൃഗസംരക്ഷണ മേഖലയിൽ വകയിരുത്തിയ തുകയിൽ ചെലവ് ശതമാനം വളരെ കുറവ് | 3-6 |
| 25 | ആശ്രയഗുണഭോക്താക്കൾക്കായി ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല | 3-7 |
| 26 | പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം | 3-8 |
| 27 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി നടപ്പാക്കേണ്ടതാണ് | 3-9 |
| 28 | റോഡ്കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കിയിട്ടില്ല | 3-10 |
| 29 | PHC സബ്സെന്റർ അറ്റകുറ്റപ്പണി-അധികം നൽകിയ തുക തിരിച്ചടക്കണം | 3-11 |

| | | |
|---|---|---|
| 30 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയതിന്റെ പൂർത്തീകരണ രേഖകൾ/തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല. | 3-12 |
| 31 | ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ | 3-13 |
| 32 | എസ്.എസ്.എ. വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 3-14 |
| 33 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് | 3-15 |
| 34 | മാലിന്യസംസക്കരണം പദ്ധതികൾ നടപ്പിലാക്കിയില്ല | 3-16 |
| 35 | സൈക്കിൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത രേഖകൾ ലഭ്യമായിട്ടില്ല | 3-17 |
| | ഭാഗം 4 | |
| 36 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിര നിക്ഷേപം | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |

| | | |
|---|---|---|
| 43 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 46 | അനുബന്ധം | |
| 47 | ഓഡിറ്റ് സാക്ഷ്യപത്രം | 1 |
| 48 | ഓഡിറ്റ് സർട്ടിഫിക്കറ്റ്-അപാകതകൾ | 2 |
| 49 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്,ബാലൻസ് ഷീറ്റ്-സംക്ഷിപ്തം | 3 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

20.3.2017തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 16.5.2018 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ്

## നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 29.6.2018 മുതൽ 30.6.18 വരെ | കെ.എസ്.എ.പി.കെ.ഡി.21/1904(13)/2018 തിയതി, 29.8.2018 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹.5804168 |
| വരവ് | ₹. 45625686 |
| ആകെ | ₹. 51429854 |
| ചെലവ് | ₹.47815574 |
| നീക്കിയിരിപ്പ് | ₹.3614280 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | അലോട്ട്മെന്റ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 10837000 | 10837000 | 7097285 | 3739715 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7416468 | 7416468 | 2887944 | 4528524 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 14502355 | 14502355 | 12184725 | 2317630 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3007443 | 3007443 | 2713160 | 294283 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 5088278 | 5088278 | 4721629 | 366649 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 271530 | 271530 | 267040 | 4490 |
| സാക്ഷരത | | 829 | | 829 | 0 | 829 |
| ദുരിതാശ്വാസനിധി | | 0 | | 0 | 0 | 0 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | | 13967597 | 13967597 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 6780 | | 1052632 | 1050628 | 2004 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ -ശുചിത്വ മിഷൻ ഫണ്ട് | | 0 | | 594583 | 89583 | 505000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | | 610371 | 563032 | 47339 |
| | ജില്ലാ പഞ്ചായത്ത് | 0 | | 19837748 | 19837748 | 0 |
| ബി ഫണ്ട് | | 0 | | 30232400 | 30232400 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 3090737 | | 9458059 | 8767472 | 690587 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1641086 | | 5506015 | 3629563 | 1876452 |
| | ബാങ്ക് അക്കൗണ്ട് | 1058945 | | 2782259 | 1821114 | 961145 |
| മറ്റിനം | | | | | | |

* NREGS വരവ് ചെലവ് തുകയിൽ തനത് ഫണ്ടിൽ നിന്നുള്ള അഡ്വാൻസ് തുക കൂടി ഉൾപ്പെട്ടിട്ടുണ്ട്.

** ബി ഫണ്ട് വരവ് തുകകൾ വാർഷിക ധനകാര്യപത്രികയിലെ വരവുമായി ₹. 7929900 വ്യത്യാസമുണ്ട്.

***GPG -5691000(യഥാർത്ഥ വരവ്) +ICDS -556557 +മറ്റ് വരവുകൾ- 119765 എന്നിവ ഉൾപ്പെട്ടിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 180 | 66943221 | 119 | 32616523 | | 61 | 66% |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 66% എണ്ണം മാത്രമാണ് തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 48.72% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 3 | 10930000 | 6648748 | 60.83% |
| വി.ഇ.ഒ - 1 | 15 | 11 | 8197300 | 1762400 | 21.50% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 6 | 3796200 | 1981094 | 52.19% |
| സെക്രട്ടറി | 44 | 23 | 12147107 | 5470694 | 45.04% |
| അസിസ്റ്റന്റ് എഞ്ചിനിയർ | 91 | 62 | 25202114 | 14304230 | 56.76% |
| മെഡിക്കൽ ഓഫീസർ-PHC | 7 | 4 | 660000 | 489106 | 74.11% |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 150000 | 150000 | 100.00% |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 150000 | 150000 | 100.00% |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 4398000 | 451000 | 0.62% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 1312500 | 1209251 | 92.13% |
| ആകെ | 180 | 119 | 66943221 | 32616523 | 48.72% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6780 | 1045852 | 1052632 | 1050628 | 2004 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 13967597 | 13967597 | 13967597 | |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 121920 | 218 |
| കർഷകതൊഴിലാളി പെൻഷൻ | 9590900 * | 828 |
| വിധവാപെൻഷൻ | 1935100 * | 721 |
| വാർദ്ധക്യകാലപെൻഷൻ | 9569500 * | 779 |
| വികലാംഗപെൻഷൻ | 737000 * | 177 |
| 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള അവിവാഹിത പെൻഷൻ | 8250700 * | 60 |

* സേവന സോഫ്റ്റ്‌വെയർ പ്രകാരം ഉള്ള യഥാർത്ഥ ചെലവ് തുകകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക ധനകാര്യപത്രികയും യഥാർത്ഥ ചെലവും തമ്മിൽ ₹.7929900 വ്യത്യാസമുണ്ട്.

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.7.2018 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹.1761/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്. പഞ്ചായത്തിന്റെ വസ്തുനികുതിയുടെ ഡി.സി.ബി. കണക്കുകൾ സഞ്ചയയിലുള്ളതും സാംഖ്യയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ അപാകതകളാണ് ഇതിന് കാരണം.

പൗരാവകാശരേഖ പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായി

നടക്കുന്ന രീതിയിൽ ജീവനക്കാരെ വിന്യസിക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

രസീത് വഴിയുള്ള പണം വരവ്, അതിന്റെ അടവ് എന്നിവ ചട്ടപ്രകാരം കൃത്യമായി നടക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഉറപ്പുവരുത്തുന്നുണ്ട്. സാംഖ്യ പ്രകാരമുള്ള കണക്കുകൾ പ്രതിമാസം റീകൺസൈൽ ചെയ്ത് വരവ്- ചെലവ് അനുപാതവും നീക്കിയിരുപ്പിന്റെ കൃത്യതയും ഉറപ്പുവരുത്തുന്നുണ്ട്.

പഞ്ചായത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ നികുതി നിർദേശങ്ങളോ, അതുമായി ബന്ധപ്പെട്ട ചർച്ചകളോ ഒന്നും തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ വന്നിട്ടില്ല. തനതു വരുമാനം കുറവായ പഞ്ചായത്തിൽ പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായും നികുതി-നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.7.18 മുതൽ 16.7.18 വരെ | 6/2018 | A1-4872/18 തിയതി, 18.7.18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.11.12 | 2007-08 to 2011-12 | No.LBA(HQ)6/8A-19071196/5.2.2013 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ

1.വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B4-ലെ ICDS ഫണ്ടിന്റെ ബാലൻസ് തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ഐ.സി.ഡി.എസ്. ഫണ്ട് ബാലൻസ് തുക വാർഷിക ധനകാര്യ പത്രികയിൽ (ബാലൻസ് ഷീറ്റ്) ₹.602091 ആണ്. എന്നാൽ യഥാർത്ഥ ബാലൻസ് തുക ,₹.386894 ആണ്.

2. ജനറൽ പർപ്പസ് ഫണ്ടിലെ വരവു തുക AFS, ACR എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. ജനറൽ പർപ്പസ് ഗ്രാന്റ് വരവ് തുക വാർഷിക ധനകാര്യ പത്രിക പ്രകാരം ₹.5691024 ആണ്. എന്നാൽ എ.സി.ആർ.പ്രകാരമുള്ള വരവ് തുക ₹.5691000 ആണ്.

3. MGNREGS വരവ് ചെലവുകൾ ഇൻകം & എക്സ്പെൻഡിച്ചർ, രസീറ്റ് & പേയ്മെന്റ് എന്നിവയിലെ തുകകൾ കാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

4. ശുചിത്വ മിഷൻ ഫണ്ട് ഇനത്തിൽ ₹.480000 ബാലൻസ് ഉണ്ട്. ഈ തുക വാർഷിക ധനകാര്യ പത്രികയിൽ (ബാലൻസ് ഷീറ്റ് ) ഉൾപ്പെടുത്തിയിട്ടില്ല.

5. നിർവ്വഹണോദ്യഗസ്ഥർ “Deposit work "കൾക്ക് വേണ്ടി നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന തുകകൾ “Advance to implementing agencies” എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല.

# ഭാഗം-2

# വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ്- അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രധാന ചുമതലയാണ് അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുന്നത്. ജി.ഒ.(ആർ.ടി)നം.3291/2016 തിയതി 2.12.2016 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ്മാന്വൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. മാന്വലിന്റെ ഖണ്ഡിക 2.1,2.2,2.3 ൽ പദ്ധതി, പദ്ധതിയേതരബജറ്റ് നിർദ്ദേശങ്ങൾ രൂപീകരിക്കാനുള്ള നടപടിക്രമം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റ് രൂപീകരണവേളയിൽ ഈ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ്മാന്വൽ ഖണ്ഡിക 2.3 പ്രകാരം പഞ്ചായത്ത് സെക്രട്ടറി ഘടകസ്ഥാപനമേധാവികളുടെ യോഗം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വ ത്തിൽ വിളിക്കുകയും സ്ഥാപനങ്ങളുടെ പദ്ധതിയേതരചെലവുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കുവാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും വേണം.സെക്രട്ടറി മേൽ നിർദ്ദേശങ്ങൾ തരംതിരിച്ച് അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കൈമാറണം..സ്റ്റാന്റിംഗ് കമ്മിറ്റികൾ മേൽ നിർദ്ദേശങ്ങൾ അനുബന്ധം 5.1,5.2 എന്നീ ഫോർമാറ്റുകളിൽ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കൈമാറണം.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ നിർദ്ദേശങ്ങൾ പരിഗണിച്ച് അന്തിമ പദ്ധതിയേതരനിർദ്ദേശങ്ങൾ തയ്യാറാക്കണം.

എന്നാൽ നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി യോഗം വിളിച്ചു ചേർത്തതായോ, അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിച്ചതായോ കാണുന്നില്ല.

2.വികസനരേഖ തയ്യാറാക്കിയിട്ടില്ല.

ഗ്രാമസഭയിൽ നിന്നുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് കരട് വികസന രേഖ തയ്യാറാക്കി ഭരണസമിതി മുമ്പാകെ സമർപ്പിക്കേണ്ടതും, ആയത് വികസന സെമിനാറിൽ ചർച്ച ചെയ്യേണ്ടതുമാണ്. എന്നാൽ വികസന രേഖ തയ്യാറാക്കിയതായൊ ഇവ വികസന സെമിനാറിൽ ചർച്ച ചെയ്തതായൊ കാണുന്നില്ല.

3.കരട്ബജറ്റ്ചർച്ചചെയ്യുന്നതിന്സമിതി യോഗം ചേർന്നതായി കാണുന്നില്ല.

സെക്രട്ടറി തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച നോൺ പ്ലാൻ എസ്റ്റിമേറ്റും, അംഗീകരിച്ച വാർഷിക പദ്ധതിയും സംയോജിപ്പിച്ചാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് തയ്യാറാക്കേണ്ടത്. ബജറ്റിനു മുമ്പ് വാർഷിക പദ്ധതി തയ്യാറാക്കിയിട്ടില്ലെങ്കിൽ പ്രമേയം മൂലം അംഗീകരിച്ച ബജറ്റ് അലോക്കേഷന്റെ അടിസ്ഥാനത്തിൽ കരട് ബജറ്റ് തയ്യാറാക്കേണ്ടതും ,ബജറ്റിനു

മുമ്പ് വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ല എങ്കിൽ ബജറ്റ് നടപടിക്രമങ്ങളുമായി മുന്നോട്ട് പോകാവുന്നതും വാർഷിക പദ്ധതിയ്ക്ക് അംഗീകാരംലഭിയ്ക്കുന്ന മുറയ്ക്ക് ഭരണ സമിതി യോഗം ചേർന്ന് പരിഷ്കരിച്ച ബജറ്റ് തയ്യാറാക്കേണ്ടതുമാണ്. എന്നാൽ വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചതിനുശേഷം ബജറ്റ് റിവൈസ് ചെയ്തിട്ടില്ല.

4.ബജറ്റ് അംഗീകാരം

ഭരണ സമിതി പ്രത്യേക യോഗം ചേർന്ന് ചർച്ച ചെയ്ത് ബജറ്റ് അംഗീകരിക്കേണ്ടതും പിന്നീട് മറ്റൊരു പ്രത്യേക യോഗം ചേർന്ന് ബജറ്റ് പാസ്സാക്കേണ്ടതുമാണ്. എന്നാൽ ഭരണ സമിതി പ്രത്യേക യോഗം 20.03.2017 ന് ചേർന്ന് ബജറ്റ് അംഗീകരിച്ചതായി മാത്രമേ കാണുന്നുള്ളു.ബജറ്റ് പാസാക്കുന്നതിനായി പ്രത്യേക യോഗം ചേർന്നതായി കാണുന്നില്ല.

5.ബജറ്റ് അംഗീകരിക്കാൻ ചേർന്ന യോഗത്തിൽ നിർവഹണ ഉദ്യോഗസ്ഥർ പങ്കെടുത്തതായി കാണുന്നില്ല.

ബജറ്റ് അംഗീകരിക്കുന്നതിനായി ചേരുന്ന യോഗത്തിന് 3ദിവസം മുൻപ് പ്രസിഡണ്ട് നോട്ടിസ് പുറപ്പെടുവിക്കേണ്ടതും ആവശ്യമായ പ്രചാരം നൽകേണ്ടതും , എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ,സ്ഥാപന മേധാവികളും പങ്കെടുക്കേണ്ടതുമാണ്. എന്നാൽ 20.03.2017 ന് ചേർന്ന ഭരണ സമിതി യോഗത്തിൽ നിർവഹണ ഉദ്യോഗസ്ഥരോ ,സ്ഥാപന മേധാവികളോ പങ്കെടുത്ത തായി കാണുന്നില്ല.

ബജറ്റ് രൂപീകരണവേളയിൽ പാലിക്കേണ്ട നടപടിക്രമം പൂർണ്ണമായി പാലിച്ചിട്ടില്ലെന്ന് വ്യക്തമാണ്. ആയതിനാൽ തന്നെ ബജറ്റിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നിറവേറിയതായി കാണുന്നില്ല.ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1.കലാ കായിക രംഗത്ത് തദ്ദേശസ്ഥാപനങ്ങൾ സജീവമായി ഇടപെടണമെന്ന് പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം നിർദ്ദേശിക്കുന്നുണ്ടെങ്കിലും അതിനായി യാതൊരു തുകയും ബജറ്റിൽ നീക്കിവെച്ചതായി കാണുന്നില്ല.

2.പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഒന്നായ ഖരദ്രവമാലിന്യ നിർമാർജ്ജനത്തിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്നത് 5,00,000 രൂപയാണ്.2017-18 ലെ അന്തിമ പദ്ധതി രേഖ പ്രകാരം 9,35,000 രൂപയും , ഡി പി സി അംഗീകരിച്ച വാർഷിക പദ്ധതി പ്രകാരം 21,69,400 രൂപയും ആണ്. എന്നാൽ മാലിന്യ സംസ്കരണത്തിനായി യാതൊരു തുകയും ചിലവഴിച്ചിട്ടില്ല.

3.ബജറ്റ് പ്രകാരമുള്ള വരവ്, ചിലവ് എന്നിവ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള യഥാർഥ വരവ്, ചിലവ് എന്നിവയുമായി 25 ശതമാനത്തിൽ താഴെ മാത്രമാണ് ഒത്തു വരുന്നത്.

4.ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ്മാനുവൽ ഖണ്ഡിക 4.1പ്രകാരം ബജറ്റിൽ നിർദ്ദേശിക്കാത്ത ഒരു ഇനത്തിനും തുക ചിലവഴിക്കരുത്. ബജറ്റിൽ നിർദ്ദേശിക്കാത്ത ഇനത്തിനും ബജറ്റിൽ നിർദ്ദേശിച്ച തുകയിൽ അധികരിച്ചുള്ള ചെലവിനും ഏതെങ്കിലും തരത്തിലുള്ള പരിശോധന സംവിധാനം സ്ഥാപനത്തിൽ ഒരുക്കിയിട്ടുണ്ടോ എന്നത് അറിയാനാവുന്നില്ല.

ബജറ്റ് തയ്യാറാക്കുമ്പോൾ ജി.ഒ.(ആർ.ടി)നം.3291/2016 തിയതി 2.12.2016 പ്രകാരം അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവഹണം- വരവിനത്തിൽ കണ്ടെത്തിയ അപാകതകൾ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസ് ഫീസ് ഏകീകരിക്കുന്നതിനും, തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി കേരള പഞ്ചായത്ത് രാജ് ചട്ടം 1996 ( Dangerous and offensive license) ലൈസൻസ് ഫീസ് ഈടാക്കുന്നതിന് പാലിക്കേണ്ട മാനദണ്ഡങ്ങളിൽ 31.10.2017 തിയതിയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഭേദഗതി പ്രകാരം വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിൽ മാനദണ്ഡമാക്കേണ്ട പട്ടിക 2 ൽ മാറ്റം വരുത്തുകയും ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിന് ദിവസേനയുള്ള വിറ്റ് വരവ് മാനദണ്ഡമാക്കുന്നതിനു പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം എന്ന് പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണ സമിതി എന്നിവയുടെ മിനിട്സ് പരിശോധിച്ചതിൽ ടി ഭേദഗതിയെകുറിച്ച് കമ്മിറ്റിയിൽ ചർച്ച ചെയ്യുകയോ, പുതുക്കിയ മാനദണ്ഡപ്രകാരം ലൈസൻസ് ഫീസ് ഈടാക്കേണ്ടതിനെക്കുറിച്ച് വേണ്ട നിർദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. തന്മൂലം ഒരേ തരത്തിലും, ഒരേ ഇനം വ്യാപാരം ചെയ്യുന്നതുമായ സ്ഥാപനങ്ങൾക്ക് വ്യത്യസ്ത നിരക്കിലുള്ള ഫീസ് ഈടാക്കേണ്ടി വരുകയും, ഇത് പരാതിയ്ക്ക് ഇടനൽകുന്നതും, പഞ്ചായത്തിന് നികുതി ഇനത്തിൽ വൻ നഷ്ടം ഉണ്ടാക്കുന്നതും ആണ്.
പുതുക്കിയ ചട്ടം അനുസരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പുതിയ നികുതി നിർദേശങ്ങൾ ഒന്നും ഇല്ല.

പഞ്ചായത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ നികുതി നിർദേശങ്ങളോ, അതുമായി ബന്ധപ്പെട്ട ചർച്ചകളോ ഒന്നും തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ വന്നിട്ടില്ല. തനതു വരുമാനം കുറവായ പഞ്ചായത്തിൽ പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് ഇല്ലാതെ വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന 413 കെട്ടിടങ്ങൾ നിലവിലുള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 34 |
| ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 20 |
| വാണിജ്യാവശ്യത്തിനുള്ളവ 100ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 29 |
| വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ , പെട്ടികടകൾ , കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 13 |
| വ്യവസായ ആവശ്യത്തിനുള്ള കൈത്തറിഷെഡ്/കയർ /പിരിഷെഡ് | 100 |
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 217 |

| | |
|---|---|
| ആകെ | 413 |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം മുകളിൽ പറഞ്ഞിട്ടുള്ള 413 കെട്ടിടങ്ങളിൽ 2017-18 വർഷത്തിൽ ഡി&ഒ ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 133 എണ്ണം മാത്രമാണ്.വിശദീകരണം ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/31-07-2018 ന് ലഭിച്ച മറുപടി പ്രകാരം 413 കെട്ടിടങ്ങളിൽ മിക്കവയും പ്രവർത്തനമില്ലാത്തവയാണ് എന്നും 100 എണ്ണം കാർഷിക ആവശ്യത്തിനുള്ള മോട്ടോർ ഷെഡ്ഡുകളാണ് എന്നും ആണ്.ഡി & ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തി ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്തിലെ 13 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഡി.ആന്റ്. ഓ ലൈസൻസ് ഫീ ഡിമാന്റ് കൃത്യത ഉറപ്പാക്കുന്നതിന് ഫീൽഡ് വെരിഫിക്കേഷൻ നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതുമാണ്.

## 2-4 തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.തൊഴിൽ നികുതി പിരിച്ചെടുത്തതായി കാണുന്നില്ല

താഴെപ്പറയുന്ന വ്യക്തികൾക്ക് വിവിധ സ്ഥാപനങ്ങൾ നടത്താൻ 2017-18 ൽ പഞ്ചായത്ത് ഡി & ഓ ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ലൈസൻസിനുള്ള അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള എണ്ണം തൊഴിലാളികളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| പേര് | സ്ഥാപനം | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| സെക്രട്ടറി | Comco-construction materials manufacturing society | 15 |
| പവർലൂം യൂണിറ്റ് | ഷൺമുഖൻ | 3 |
| മണികണ്ഠൻ | ശ്രീകൃഷ്ണ ടെക്സ്റ്റയിൽസ് | 3 |
| മുഹമ്മദ് റാഫി | ഫർസാന വുഡ് ഇൻഡസ്ട്രീസ് | 3 |

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ ലിസ്റ്റ്, നികുതി റിട്ടേൺ എന്നിവ ലഭ്യമാക്കേണ്ടതും നികുതി റിട്ടേൺ സമർപ്പിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2.കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

പിരിച്ചെടുക്കാതെ ബാക്കിയായ തുകകൾ കുടിശ്ശിക ഡിമാൻഡ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. എന്നാൽ ടി രജിസ്റ്റർ സൂക്ഷിക്കാത്തതു മൂലം കുടിശ്ശിക തുകയിൽ വ്യക്തതയില്ലാതെ വരുകയും ,മൂന്നു വർഷത്തിലധികമുള്ള ഡിമാന്റ് ചെയ്യപ്പെടാത്ത കുടിശ്ശികകൾ കാലഹരണപ്പെട്ടും എന്നതിനാൽ പഞ്ചായത്തിന് നികുതി വരവിൽ വൻ നഷ്ടം ഉണ്ടാകുന്നതും ആണ്.

തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-5 വാടക രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ശിശു വിഹാർ എന്ന കെട്ടിടം കല്യാണ ആവശ്യങ്ങൾക്കും മറ്റുമായി ദിവസം ₹.3250/- നിരക്കിൽ വാടകയ്ക്ക് നല്കി വരുന്നു. എന്നാൽ കെട്ടിടം വാടകയ്ക്കു നല്കുമ്പോൾ ഈടാക്കേണ്ട വാടക, മറ്റു വ്യവസ്ഥകൾ എന്നിവയെ കുറിച്ചുള്ള ഭരണ സമിതി തീരുമാനങ്ങൾ, വാടക ബൈലോ എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ വാർഷിക വർദ്ധനവ് വരുത്തുന്നതിനെ സംബന്ധിച്ച വ്യവസ്ഥകളുടെ വിവരങ്ങൾ ലഭ്യമല്ല. വാടക ബൈലോ തയ്യാറാക്കേണ്ടതാണ്.

# 2-6 അനധികൃതമായി പന്നിഫാമുകൾ പ്രവർത്തിക്കുന്നു. നടപടി സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ചട്ടം 1998 ( license of dogs and pigs) റൂൾ 3പ്രകാരം അനുവാദം കൂടാതെ പട്ടി, പന്നി എന്നിവ വളർത്താൻ പാടില്ല എന്ന ഒരു പ്രമേയം പഞ്ചായത്ത് പാസ്സാക്കേണ്ടതും, അടുത്ത ഗ്രാമസഭയിൽ പഞ്ചായത്തിന്റെ തീരുമാനം അറിയിക്കേണ്ടതുമാണ്.

ചട്ടം 4,5 പ്രകാരം പട്ടി, പന്നി എന്നിവ കൈവശം വെച്ചിരിക്കുന്നവർ വെറ്ററിനറി സർജന്റെ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ സമർപ്പിക്കേണ്ടതും സെക്രട്ടറി പരിശോധിച്ച് ലൈസൻസ് നൽകേണ്ടതും, ലൈസൻസിന്റെ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതും ആണ്.

കൂടാതെ 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഫോറം നമ്പർ 3ൽ ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ചട്ട പ്രകാരമുള്ള ലൈസൻസും ആവശ്യമാണ്.

പഞ്ചായത്ത് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പ്രദേശത്ത് മൂന്ന് പന്നി ഫാമുകൾ പ്രവർത്തിക്കുന്നു. ഇവയ്ക്ക് ലൈവ് സ്റ്റോക്ക് ലൈസൻസ് , ഡി & ഒ ലൈസൻസ് എന്നിവ എടുത്തതായി കാണുന്നില്ല.കേരള പഞ്ചായത്ത് രാജ് ചട്ടം 1998 ( license of dogs and pigs) പ്രകാരം ഭരണ സമിതി പ്രമേയം പാസ്സാക്കിയതായും കാണുന്നില്ല. വിശദീകരണം ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/30-07-2018 ന് ലഭിച്ച മറുപടി പ്രകാരം ടി സ്ഥാപനങ്ങൾക്കെതിരെ

നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്കുകൾ പരിപാലനം

പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ വാർഡടിസ്ഥാനത്തിലുള്ള എണ്ണം,തരം എന്നിവ കാലികമായി രേഖപ്പെടുത്തലുകൾ നടത്തി ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നിലവിലുള്ള തെരുവു വിളക്കുകളുടെ ഇനം തിരിച്ചുള്ള കണക്ക്, വൈദ്യുതി ചാർജ് എന്നിവ വ്യക്തമാക്കുന്ന കെ.എസ്.ഇ.ബി.യുടെ ഇൻവോയ്സ് പരിശോധനക്ക് ലഭ്യമാക്കിയില്ല.

തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി തൻവർഷത്തിൽ നടത്തിയ ചെലവുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| പദ്ധതി | തുക |
|---|---|
| തെരുവ് വിളക്ക് സ്ഥാപിക്കൽ(105/18 ) | 118728 |
| തെരുവ് വിളക്ക് സ്ഥാപിക്കൽ(145/18 ) | 326040 |
| തെരുവ് വിളക്ക് മെയിന്റനൻസ്(141/2018) | 148392 |
| തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ്(100/18) | 198743 |
| തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ ( 103/18) | 700000 |
| തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ ( 104/18) | 30000 |

തെരുവു വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. പഞ്ചായത്ത് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശേധന നടത്തി പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. വാർഡടിസ്ഥാനത്തിൽ പുതിയതായി തെരുവുവിളക്കുകൾ സ്ഥാപിക്കുമ്പോൾ, നിലവിലുള്ളവ മാറ്റി പുതിയ തരം സ്ഥാപിക്കുമ്പോൾ രജിസ്റ്ററിൽ കാലികമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

2. തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കൽ പ്രവർത്തികൾക്കു ശേഷം പുതിയ പോസ്ററുകളിൽ വിളക്കുകൾ സ്ഥാപിക്കുമ്പോൾ പോസ്റ്റ് നമ്പർ, വിളിക്കിന്റെ തരം എന്നീ രേഖപ്പെടുത്തലുകൾ നടത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

3. റിപ്പയർ ആവശ്യമുള്ള ഇലക്ട്രിക് പോസ്റ്റുകളുടെ വിവരം അതാത് വാർഡ് മെമ്പർമാരിൽ നിന്നും രേഖാമൂലം ലഭ്യമാക്കി ആയതനുസരിച്ച് മാത്രം റിപ്പയർ പവൃത്തികൾ നടത്തുകയും, റിപ്പയർ പൂർത്തീകരിച്ച് വിളക്കുകൾ പ്രവർത്തനക്ഷമമാക്കിയതായി കെ.എസ്.ഇ.ബി, അതാത് വാർഡ് മെമ്പർ എന്നിവർ സാക്ഷ്യപത്രം നൽകുന്ന മുറയ്ക്ക് മാത്രം തുക നൽകുകയും ചെയ്യുകവഴി നൽകുന്ന തുകയുടെ സുതാര്യത ഉറപ്പുവരുത്താവുന്നതാണ്.

മേൽ വിഷയങ്ങളിലേക്ക് വികസനകാര്യ സ്ററാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

II. തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതികൾ -

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതികൾ - അപാകതകൾ

1. തെരുവ് വിളക്ക് സ്ഥാപിക്കൽ (105/18) - ചെലവ് ട്രഷറി ബിൽ നം.32/30.01.18 – 1,18,728/- രൂപ.

പദ്ധതി പ്രകാരം ഗ്രീൻലീഫ് ടെകനോളജി, കോട്ടോപ്പാടം എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.GLT/024/17.1.2018 പ്രകാരം 72 എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിച്ചതിനാണ് തുക നൽകിയിട്ടുള്ളത്. കെ.എസ്.ഇ.ബി. യുടെ മേൽനോട്ടത്തിൽ 72 എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിച്ചതിന് കെ.എസ്.ഇ.ബി. യുടെ സാക്ഷ്യപത്രം ഇല്ല. വാർഡു മെമ്പർമാരുടെ സാക്ഷ്യപത്രം മാത്രമാണ് ഉള്ളത്.

2. തെരുവ് വിളക്ക് സ്ഥാപിക്കൽ (145/18) - ചെലവ് ട്രഷറി ബിൽ നം.12/24.8.2017 – 326040/- രൂപ.

എ) പദ്ധതി പ്രകാരം ഉഷ ഇലക്ട്രിക്കൽ സിസ്റ്റം കുറ്റനാട് എന്ന സ്ഥാപനത്തിന് 156 എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിച്ചതിനാണ് തുക നൽകിയിട്ടുള്ളത്. സ്ഥാപനത്തിന്റെ ഇൻവോയ്സ്/ബിൽ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. (ഒരെണ്ണത്തിന് ₹.2090/- പ്രകാരം 156 എണ്ണത്തിന് ₹.326040/- ആണ് ചെലവു തുക)
ബി) കെ.എസ്.ഇ.ബി. യുടെ മേൽനോട്ടത്തിൽ 156 എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിച്ചതിന് സാക്ഷ്യപത്രം ഇല്ല.

രേഖകളുടെ അഭാവത്തിൽ ₹.326040/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-2** <u>മേൽപ്പുര റിപ്പയർ പ്രവർത്തിക്ക് അധികനിരക്കിൽ ധനസഹായം അനുവദിച്ചു</u>

പ്രൊജക്ട്-എസ്.ഒ 120/18( മേൽപ്പുര റിപ്പയർ SCP)

വർക്കിംഗ് ഗ്രൂപ്പ്- ദാരിദ്ര്യ ലഘൂകരണം

സ്റ്റാന്റിംഗ് കമ്മറ്റി-ക്ഷേമകാര്യം

നിർവഹണോദ്യോഗസ്ഥൻ-വി.ഇ.ഒ

എസ് സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് പുനരുദ്ധാരണത്തിനായി സ്പിൽ ഓവർ പദ്ധതിയായി 1300000 രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ സ.ഉ (എം.എസ്) 4/2016,തീയതി 11.1.16 പ്രകാരം ഒരു ഗുണഭോക്താവിന് 25000 രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നതിനാണ് 2016-17 വർഷത്തെ പദ്ധതിയിൽ തുക വകയിരുത്തിയിട്ടുള്ളത്. ആയതിനനുസരിച്ച് 2017-18 വർഷത്തിൽ സ്പിൽ ഓവർ പദ്ധതിക്ക് അംഗീകാരം വാങ്ങി 300000 രൂപ ചെലവഴിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ ആദ്യഗഡു നൽകിയിട്ടുള്ള ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു അനുവദിക്കുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്.

ശ്രീമതി. നീലു, W/o കുഞ്ചു , ചിറവട്ടം എന്ന ഗുണഭോക്താവിന് മുൻവർഷം നൽകിയ 15000രൂപയുൾപ്പെടെ ആകെ 40000 രൂപ അനുവദിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ട്രഷറി ബിൽ നം.5/29.11.17, തുക-135000 (11 പേർക്ക് 10000 വീതവും നീലു എന്ന ഗുണഭോക്താവിന് 25000 രൂപയും )

ഗുണഭോക്താവിന്റെ 853610410000284 എന്ന ബാങ്ക് അക്കൗണ്ടിലേക്ക് (ബാങ്ക് ഓഫ് ഇൻഡ്യ) രണ്ടാം ഗഡു തുകയായി 25000 രൂപ മേൽപ്പറഞ്ഞ ബില്ലിൽ നിന്നും അനുവദിച്ചിരിക്കുന്നു. തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് വിവരം രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററിൽ 25000 രൂപക്ക് പകരം 10000 രൂപ കൈപ്പറ്റിയതായാണ് ഗുണഭോക്താവ് ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത രജിസ്റ്ററിൽ 2016-17 വർഷത്തിൽ ചെക്ക് നം.445930/29.1.17 പ്രകാരം 15000 രൂപ ആദ്യഗഡുവായി അനുവദിച്ചിട്ടുണ്ട്. രണ്ടാംഗഡുവായി ബാക്കിയുള്ള 10000 രൂപ നൽകുന്നതിനുപകരം 25000 രൂപ അനുവദിച്ചതുമൂലം ഗുണഭോക്താവിന് 15000 രൂപ അധികമായി അനുവദിച്ചു. ദാരിദ്യനിർമാർജന വർക്കിംഗ് ഗ്രൂപ്പ് ഈ പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല.

ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് പാസ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കുവാനും പദ്ധതിയിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/28.7.2018) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. എൻക്വയറിയുടെ പകർപ്പ് ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റിക്ക് നൽകുകയും എക്സിറ്റ് മീറ്റിംഗിൽ ഈ വിഷയം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. വാർഡ് മെമ്പറുടെ സഹായത്തോടെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഗുണഭോക്താവിന് ലഭിച്ച തുക സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. അധികമായി അനുവദിച്ച 15000 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-3 കാർഷിക മേഖലയിൽ അംഗീകാരം ലഭ്യമാക്കിയ പദ്ധതികൾ നടപ്പിലാക്കിയില്ല

നിർവഹണോദ്യോഗസ്ഥൻ- കൃഷി ഓഫീസർ

സ്റ്റാൻഡിംഗ് കമ്മറ്റി-വികസനകാര്യം

വർക്കിംഗ് ഗ്രൂപ്പ്-കൃഷി, അനുബന്ധ മേഖലകൾ

കൃഷി മുഖ്യതൊഴിലായിട്ടുള്ള പഞ്ചായത്താണ് പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത്. കർമസമിതിയിൽ കാർഷികമേഖലക്കാവശ്യമായ നിരവധി നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. 2017-18 വർഷത്തിൽ കാർഷിക മേഖലയിൽ ആകെ 4 പദ്ധതികൾക്കാണ് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്. ആയതിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

| പദ്ധതിയുടെ പേര് | പ്രൊജക്ട് നം. | വകയിരുത്തിയ തുക |
|---|---|---|
| വനിതാ ഗ്രൂപ്പുകൾക്ക് യന്ത്രോപകരണങ്ങൾ വാങ്ങൽ | 179/18 | 1115000 |

| | | |
|---|---|---|
| തെങ്ങുകൃഷിക്ക് ജൈവവള വിതരണം | 174/18 | 400000 |

പദ്ധതിമാർരേഖ ജി.ഒ(എം.എസ്) നം. 72/2017/തസ്വഭവ, തീയതി:29.3.2017 ഖണ്ഡിക 3.1 ൽ പ്രൊജക്ട് നിർദ്ദേശങ്ങൾ തയ്യാറായാൽ ഗ്രാമസഭകളിലേക്ക് പോകുന്നതിന് മുമ്പ്തന്നെ അയൽസഭകളിലും ഇതരവേദികളിലും ചർച്ച ചെയ്ത് വേണ്ട മാറ്റം വരുത്തേണ്ടതാണെന്നും ഗ്രാമസഭകൾ യോഗം ചേർന്ന് ആസൂത്രണ പ്രവർത്തനങ്ങളും ഗുണഭോക്തൃതെരഞ്ഞെടുപ്പും നടത്തേണ്ടതാണെന്നും വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ പദ്ധതി ആസൂത്രണഘട്ടത്തിൽ ഇത്തരത്തിൽ പദ്ധതികളെക്കുറിച്ച് ഗ്രാമസഭയിൽ ചർച്ചചെയ്തതായോ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതായോ ഗ്രാമസഭാ മിനുട്സുകളിൽ കാണുന്നില്ല.

പദ്ധതി നടപ്പിലാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/30.7.18 ന് രജിസ്റ്റർ ചെയ്ത വനിതാഗ്രൂപ്പിനുമാത്രമാണ് ആനുകൂല്യം നൽകുവാൻ കഴിയുന്നതെന്നും ആരും തന്നെ രജിസ്റ്റർ ചെയ്യാത്തതിനാലാണ് പദ്ധതി നടപ്പിലാക്കുവാൻ കഴിയാത്തതെന്നും നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തെങ്ങുകൃഷിക്ക് ജൈവവളവിതരണം എന്ന പദ്ധതിയിൽ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ലഭ്യമാവാത്തതുകൊണ്ടാണ് പദ്ധതി നടപ്പിലാക്കാത്തതെന്നും അറിയിച്ചു. നിലവിലില്ലാത്ത വനിതാ ഗ്രൂപ്പുകൾക്കു വേണ്ടി പ്രൊജക്ട് ആവിഷ്കരിച്ചതു കൊണ്ടാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാതിരുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ പ്രൊജക്ട് ആവിഷ്കരിക്കുന്നതിനു മുമ്പ് ഗുണഭോക്താക്കളുടെ ലഭ്യത ഉറപ്പു വരുത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ഉഴവുകൂലി പദ്ധതിക്കായി ലഭ്യമായ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിൽ കാലതാമസം

സ്റ്റാൻഡിംഗ് കമ്മറ്റി-വികസനകാര്യം

വർക്കിംഗ് ഗ്രൂപ്പ്-കൃഷി, അനുബന്ധ മേഖലകൾ

പ്രൊജക്ട് നം. 52/18

ആകെ അടങ്കൽ-8000000(വികസനഫണ്ട്-4000000, മറ്റുള്ളവ-4000000)

നെൽകൃഷി ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ഉഴവുകൂലിയിനത്തിലുള്ള തുക ട്രഷറിയിൽ നിന്നും നേരിട്ട് ക്രെഡിറ്റ് ആവുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ഈ പദ്ധതിക്കായി താഴെപ്പറയും പ്രകാരം തുക ചെലവായിട്ടുണ്ട്.

| ട്രഷറി ബിൽ നം. | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2/12.1.18 | 2069231 | 799 |
| ട്രഷറി ബിൽ നം. 3/29.1.18 | 730769 | 244 |
| 4/8.2.18 | 1166666 | 417 |
| 5/27.2.18 | 33334 | 20 |

| | | |
|---|---|---|
| ആകെ | 4000000 | 1480 |

കൃഷി ഓഫീസർ നടപ്പിലാക്കുന്ന പദ്ധതികൾക്കായി ലഭ്യമാവുന്ന ബ്ലോക്ക്, ജില്ലാപഞ്ചായത്ത് വിഹിതങ്ങൾ നൽകുന്നതിനായി ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള എസ് ടി എസ് ബി അക്കൗണ്ടിൽ (നം.177) 20.3.18 തീയതിയിൽ ബ്ലോക്ക് ഷെയറായി 1973748 രൂപ ക്രെഡിറ്റായിട്ടുണ്ട്. ബ്ലോക്ക്പഞ്ചായത്തിൽ നിന്നും ലഭ്യമായ 1973748 രൂപയുടെ ചെലവ് കാഷ്ബുക്കിൽ രേഖപ്പെടുത്തിക്കാണുന്നില്ല. മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് താഴെപ്പറയും വിധം അഞ്ച് ഘട്ടങ്ങളായിട്ടാണ് തുക നൽകിയിരിക്കുന്നത്. അക്കൗണ്ടിലെ തുക അവസാനമായി പിൻവലിച്ചിരിക്കുന്നത് 17.7.18തീയതിയിൽ മാത്രമാണ്.

| തീയതി | തുക |
|---|---|
| 26.3.18 | 410213 |
| 24.4.18 | 330895 |
| 17.5.18 | 367848 |
| 28.5.18 | 433855 |
| 17.7.18 | 410937 |

കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.16/30.7.2018) തുക അനുവദിക്കുന്നതിനായി ലിസ്റ്റ് നൽകിയെങ്കിലും ട്രഷറിയിലൂടെ ഒരു തവണ 5 ലക്ഷത്തിൽ കുറവായ തുക മാത്രമേ പിൻവലിക്കാൻ കഴിയൂ എന്ന സാങ്കേതിക കാരണങ്ങളാലും ചില ഗുണഭോക്താക്കളുടെ അക്കൗണ്ടുകൾ തെറ്റായതിനാലുമാണ് ഇപ്രകാരം ജൂലൈ മാസം വരെ കർഷകർക്ക് തുക അനുവദിക്കുവാൻ ഇടയായതെന്ന് നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബില്ലിനോടൊപ്പം ട്രഷറിയിലേക്കു നൽകുന്ന ലിസ്റ്റിൽ ട്രഷറിയിൽ നിന്നും ഒപ്പു വാങ്ങിയിട്ടില്ലാത്തതിനാൽ ടി തുക കർഷകർക്കു തന്നെ ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പിക്കുവാൻ കഴിയുന്നില്ല. ഈ പദ്ധതിയുടെ വർക്കിംഗ് ഗ്രൂപ്പോ സ്റ്റാന്റിംഗ് കമ്മറ്റിയോ ഈ പദ്ധതിയുടെ നിർവഹണഘട്ടത്തിൽ പരിശോധന നടത്തുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല.

ട്രഷറിയിലേക്കു നൽകുന്ന ഗുണഭോക്താക്കളുടെ സ്റ്റേറ്റ്മെന്റിൽ ട്രഷറിയിൽ നിന്നും ഒപ്പു വാങ്ങി സൂക്ഷിക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് ഉഴവുകൂലി കൃത്യമായി ലഭ്യമാവുന്നുണ്ടെന്ന് സ്റ്റാൻഡിംഗ് കമ്മറ്റി വിലയിരുത്തേണ്ടതാണ്.

## 3-5 ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ് - അർഹമായതിലും കുറവായി ധനസഹായം വകയിരുത്തി

2017-18 വർഷത്തെ മൃഗസംരക്ഷണവും ക്ഷീര വികസനവും വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സിലെ 16.5.17 തീയതിയിലെ തീരുമാനപ്രകാരം ക്ഷീരകർഷകർക്ക് ഇൻസെന്റീവ് നൽകുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ആയത് വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 വർഷത്തിൽ ഇൻസെന്റീവ് വിതരണത്തിനായി ജനറൽ, എസ് സി പി, വനിത എന്നീ വിഭാഗങ്ങൾക്കായി മൂന്നു പദ്ധതികൾ ആവിഷ്കരിച്ച്

നടപ്പിലാക്കിയിട്ടുണ്ട്.

വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്ക് അംഗീകാരം ലഭിക്കാത്തതിനാൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 16.8.17 തിയതിയിലെ തീരുമാനം നം. 7 പ്രകാരം വനിതാ ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് നൽകുന്നതിന് വികസന ഫണ്ടിൽ നിന്നും 312500 രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കുന്നതിന് തീരുമാനിക്കുകയും ആയതിനനുസരിച്ച് വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കി 96 വനിതാ കർഷകർക്ക് ആനുകൂല്യം നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നം- എസ്.ഒ.121/18 -ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ്

അടങ്കൽ - 312500 (വികസന ഫണ്ട് (ജനറൽ))

ചെലവ് - 312500- (ബിൽ നം. 1/24.3.18)

നിർവഹണ ഉദ്യോഗസ്ഥ – ഡയറി ഫാം ഇൻസ്ട്രക്ടർ

13-ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം.80/2017 തസ്വഭവ, തീയതി. 03.04.2017പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി അടക്കം പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്. എന്നാൽ ഈ പദ്ധതി പ്രകാരം അർഹമായതിലും വളരെ കുറഞ്ഞ നിരക്കിലാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു.

ക്ഷീരസംഘത്തിന്റെ പേര്-പൊൽപുള്ളി ക്ഷീരസഹകരണ സംഘം

ഗുണഭോക്താക്കളുടെ എണ്ണം-96

| മാസം | സംഘത്തിന് നൽകിയ പാൽ അളവ് | ഇൻസെന്റീവ് നിരക്ക് | തുക | ട്രഷറിബിൽനം |
|---|---|---|---|---|
| (2017 ഏപ്രിൽ,മെയ്, ജൂൺ) | 54776 | 3 | 164328 | 2/12.3.18 |
| ജൂലൈ മുതൽ നവംബർ വരെ | 83593 | 1.772535 | 148172 | 4/24.3.18 |

അപാകതകൾ

- ഡിസംബർ മുതൽ സാമ്പത്തിക വർഷാവസാനം വരെയുള്ള തുക കർഷകർക്ക് അനുവദിച്ചിട്ടില്ല.
- പദ്ധതി മാർഗരേഖ പ്രകാരം ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ് നൽകുന്നതിന് ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും വിഹിതങ്ങൾ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ പദ്ധതി തയ്യാറാക്കുമ്പോൾ ആയത് വകയിരുത്തിയിട്ടില്ല. ഡിപ്പാർട്ട്മെന്റ് വിഹിതം ഗ്രാമപഞ്ചായത്ത് മുഖേന നൽകിയിട്ടില്ല.

- പദ്ധതി മോണിട്ടറിംഗ് നടത്തിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല

കർഷകർക്ക് അർഹമായ തുക പ്രൊജക്ടിൽ വകയിരുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/26.7.2018) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 3-6 മൃഗസംരക്ഷണ മേഖലയിൽ ചെലവ് ശതമാനം വളരെ കുറവ്

സ്റ്റാൻഡിംഗ് കമ്മറ്റി-വികസനകാര്യം

വർക്കിംഗ് ഗ്രൂപ്പ്-മൃഗസംരക്ഷണം

വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആവിഷകരിച്ച പദ്ധതികളുടെ ചെലവിന്റെ വിശദാംശം താഴെചേർക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | വികസനഫണ്ടിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവുശതമാനം |
|---|---|---|---|---|
| 38/18 | പശുവളർത്തൽ (വനിത) | 225000 | 105000 | 47 |
| 40/18 | ആടുവളർത്തൽ( വനിത) | 216000 | 84000 | 39 |
| 41/18 | പശുവളർത്തൽ എസ് സി പി(വനിത) | 620000 | 40000 | 6 |
| 113 | കോഴി വളർത്തൽ (വനിത) new | 300000 | 104000 | 35 |
| 137 | കോഴി വളർത്തൽ എസ് സി പി(വനിത) new | 300000 | 34500 | 11.5 |

പദ്ധതികൾക്കായി വകയിരുത്തിയ തുകയിൽ ചെറിയൊരു ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

കോഴിവളർത്തൽ (എസ് സി) വനിതാ പദ്ധതിപ്രകാരം 200 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനാണ് തുക വകയിരുത്തിയിട്ടുള്ളത്. 75 ഗുണഭോക്താക്കളെ മാത്രമാണ് ഈ പദ്ധതിക്കായി യഥാർത്ഥത്തിൽ കണ്ടെത്തിയിട്ടുള്ളത്. 75പേരടങ്ങുന്ന ഗുണഭോക്തൃലിസ്റ്റാണ്

പ്രൊജക്ട് നിർവഹണം നടത്തുന്നതിനായി അംഗീകരിച്ച നൽകിയിട്ടുള്ളത്. ആയതിൽ അർഹരായ 23 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ജനറൽ പദ്ധതിയിലും യഥാർത്ഥത്തിലുള്ള ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ചല്ല വകയിരുത്തൽ നടത്തിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി നം. 5/27.7.2018 പ്രകാരം ചെലവുശതമാനം കുറവായതിന് കാരണം ആരാഞ്ഞതിന് പശുവളർത്തൽ പദ്ധതിയിൽ പുതിയ ഉരുക്കളെ വാങ്ങുന്നതിന് ഗുണഭോക്താക്കൾ തയ്യാറാവാത്തതും കോഴിവളർത്തൽ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃവിഹിതം അടവാക്കുന്നതിന് വിമുഖത കൊണ്ടുമാണ് ചെലവുശതമാനം കുറയാനിടയായതെന്ന് നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി ആസൂത്രണഘട്ടത്തിൽ പ്രൊജക്ടിന്റെ അടങ്കൽ തുകയക്കുറിച്ചും ഗുണഭോക്താക്കളുടെ എണ്ണത്തെക്കുറിച്ചും കൃത്യമായ വിലയിരുത്തൽ നടത്തി പദ്ധതി ആസൂത്രണത്തിൽ കുറച്ചുകൂടി കാര്യക്ഷമത പുലർത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ആശ്രയഗുണഭോക്താക്കൾക്കായി ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

സ്റ്റാൻഡിംഗ് കമ്മറ്റി-ക്ഷേമകാര്യം

വർക്കിംഗ് ഗ്രൂപ്പ്-ദാരിദ്യലഘൂകരണം

നിർവഹണ ഉദ്യോഗസ്ഥൻ – മെമ്പർ സെക്രട്ടറി( വി ഇ ഒ)

2017-18 വർഷത്തിൽ ആശ്രയ ഗുണഭോക്താക്കൾക്കായി താഴെപ്പറയുന്ന പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല.

| പദ്ധതിയുടെ പേര് | പ്രൊജക്ട് നം. | വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|
| ആശ്രയപദ്ധതി | 126/18 | 100000 | 0 |
| ആശ്രയ സ്ഥലവും വീടും നൽകും | 59/18 | 400000 | 0 |

പൊൽപുള്ളി ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് ആശ്രയ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 5250000രൂപ അടങ്കലിൽ അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ സംബന്ധിച്ച് പദ്ധതി തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടില്ല. രണ്ടാം ഘട്ടപദ്ധതിയിൽ 124 ആശ്രയ ഗുണഭോക്താക്കളാണുള്ളത്. ആകെ കുടുംബാംഗങ്ങൾ 205ആണ്.

ഭവനം ആവശ്യമുള്ളവർ- 10

വീട് റിപ്പയറിന് സഹായം ആവശ്യമുള്ളവർ 10

സ്ഥലം ആവശ്യമുള്ളവർ-6

കക്കൂസ് ആവശ്യമുള്ളവർ-10

രണ്ടാം ഘട്ട പദ്ധതി പ്രകാരം ആകെ ഒരു ഗുണഭോക്താവിന് മാത്രമാണ് ഭവനനിർമാണത്തിന് ആനുകൂല്യം നൽകിയിരിക്കുന്നത്.

സ.ഉ.(എം.എസ്) നം.80/2017 തസ്വഭവ, തീയതി. 03.04.2017പ്രകാരമുള്ള 13-ാം പദ്ധതി മാർഗ്ഗരേഖയിലെ അനുബന്ധം IV പ്രകാരം ആശ്രയ ഗുണഭോക്താക്കൾക്ക് നൽകേണ്ട സേവനങ്ങളെ കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. മാർഗരേഖയനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവിലെ അനുബന്ധം 4 ഖ. 3.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. എന്നാൽ ആശ്രയപദ്ധതി നിർബന്ധിത പ്രൊജക്ടായതിനാൽ അംഗീകാരം ലഭ്യമാക്കുകയും ആയത് നടപ്പിലാക്കാതിരിക്കുകയുമാണ് ഗ്രാമപഞ്ചായത്ത് ചെയ്തുവരുന്നത്.(2016-17വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇതു സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്) കുടുംബശ്രീയുടെ മിനട്സ് ബുക്ക് പരിശോധിച്ചതിൽ പ്രതിമാസ യോഗങ്ങൾ ചേരുന്നുണ്ടെങ്കിലും മീറ്റിംഗിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് അംഗങ്ങളുടെ സാന്നിധ്യം അപൂർമായേ ഉണ്ടായിട്ടുള്ളൂ എന്നു കണ്ടെത്തി. കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്കും ആശ്രയപദ്ധതി നടത്തിപ്പിനും ആവശ്യമായ നിർദ്ദേശങ്ങളൊന്നും നൽകിയതായി കാണുന്നില്ല.

പൊൽപുള്ളി ഗ്രാമപഞ്ചായത്തിൽ ആശ്രയയുടെ മൂന്നാംഘട്ട പ്രവർത്തനങ്ങൾക്കായി ആക്ഷൻപ്ലാൻ കുടുംബശ്രീമിഷനിൽ നിന്നും നാളിതുവരെയും അംഗീകരിച്ച് കിട്ടിയിട്ടില്ല. ആക്ഷൻ പ്ലാന് അംഗീകാരം ലഭ്യമാക്കി പദ്ധതി 2018-19 വർഷത്തിലെങ്കിലും നടപ്പിലാക്കുവാൻ ഭരണസമിതിയുടെ ഭാഗത്തുനിന്നും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തുനിന്നും കാര്യക്ഷമമായ ഇടപെടൽ അത്യാവശ്യമാണ്.

# 3-8 പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത് / ചെലവഴിച്ചത് | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|
| 91 | 62 | 68.13% |
| 25202114 | 14304230 | 56.76% |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 68% പ്രൊജക്ടുകൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിക്കാനായത്. വകയിരുത്തിയ തുകയുടെ 56.76 % തുകയാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്.

വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം - സാധാരണ വിഹിതം) | 1595000 | 489886 | 30.71 |
| വികസന ഫണ്ട് (എസ്.സി.പി) | 820000 | 148766 | 18.14 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 |
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 400000 | 81210 | 20.30 |
| വികസന ഫണ്ട് (ലോക ബാങ്ക് സഹായം) | 268134 | 267040 | 99.59 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 20203104 | 12184725 | 60.31 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 1915876 | 1132603 | 59.11 |
| ആകെ | 25202114 | 14304230 | 56.76 |

2017-18 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 5% പ്രൊജക്ടുകളാണ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനായി നടപ്പിലാക്കിയിട്ടുള്ളത്. നടപ്പിലാക്കിയ പ്രവർത്തികളിൽ ഭൂരിഭാഗം പ്രവർത്തികളും റോഡ് വികസനത്തിനായുള്ളതാണ്. ഇതിൽ തന്നെ ഫണ്ട് വാർഡ് തലത്തിൽ വിഭജിച്ച് കൃത്യമായ കണക്കിവിറ്റി ഇല്ലാതെ റോഡ് പ്രവർത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ മിനുട്സ് പരിശോധിച്ചതിൽ 2017-18 വർഷം പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. മിനുട്സ് ക്ലോസ് ചെയ്തിട്ടില്ല. 6.5.17 ന് യോഗം ചേർന്നതിൽ തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സിൽ മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തനം വിലയിരുത്തിയതായോ പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം നിരീക്ഷിച്ചതായോ കാണുന്നില്ല.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി

<u>നടപ്പാക്കേണ്ടതാണ്</u>

തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 5% പ്രൊജക്ടുകളാണ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനായി നടപ്പിലാക്കിയിട്ടുള്ളത്. രേഖകളുടെ പരിശോധനയിൽ ഘടക സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് വേണ്ടി ആവിഷ്കരിച്ച താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

- പ്രൊജക്ട് നം. 182 -പി.എച്ച്.സി. കെട്ടിടം നവീകരണം - ₹.75000-മെയിന്റനൻസ് ഫണ്ട് (റോഡിതരം)
- പ്രൊജക്ട് നം. 181 -ഹോമിയോ ഡിസ്പെൻസറിയിൽ ടോയ്‌ലറ്റ് നിർമ്മാണം -₹.75000-മെയിന്റനൻസ് ഫണ്ട് (റോഡിതരം)
- പ്രൊജക്ട് നം. 183-ഉമ്പിള്ളം അംഗൻവാടി മെയിന്റനൻസ്-₹.185000 -മെയിന്റനൻസ് ഫണ്ട് (റോഡിതരം)
- പ്രൊജക്ട് നം. - 185- കൊള്ളപ്പറമ്പ് പി.എച്ച്.സി.സബ്സെന്റർ മെയിന്റനൻസ് -₹.268100-മെയിന്റനൻസ് ഫണ്ട് (റോഡിതരം)
- പ്രൊജക്ട് നം.-186-കയ്പ്പക്കോട് പി.എച്ച്.സി.സബ്സെന്റർ മെയിന്റനൻസ് -₹.100000 -മെയിന്റനൻസ് ഫണ്ട് (റോഡിതരം)

മേൽ പ്രവൃത്തികൾ നടപ്പിലാക്കാതിരുന്നതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/29.7.18ന് മറുപടി ലഭ്യമാക്കിയില്ല. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സിൽ മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തനം വിലയിരുത്തിയതായോ പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം നിരീക്ഷിച്ചതായോ കാണുന്നില്ല. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി ഘടക സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകുന്ന പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 <u>റോഡ്കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കിയിട്ടില്ല</u>

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)നംപർ 72/2017/ ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം. പൊൽപ്പുള്ളി ഗ്രാമ പഞ്ചായത്തിൽ നാളിതുവരെയായി ഇവ

തയ്യാറാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ്, പ്ളാൻ എന്നിവ തയ്യാറാക്കേണ്ടതാണ്.

## 3-11 PHC സബ്സെന്റർ അറ്റകുറ്റപ്പണി-അധികം നൽകിയ തുക തിരിച്ചടക്കണം

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം.63/17 – PHC സബ്സെന്റർ അറ്റകുറ്റപ്പണി എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും, ടെണ്ടർ ഡീവിയേഷൻ കുറവാക്കാതെ അവസാന ബിൽ നൽകിയതിലൂടെ കരാറുകാരന് ₹.5334/- അധികം നൽകിയതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

അടങ്കൽ [മെയ്ന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)]: ₹.144755/-

ചെലവു തുക: ₹.140460/- (PHC ഇലക്ട്രിഫിക്കേഷൻ എന്ന പ്രവൃത്തിയുടെ ചെലവു തുക ₹.73785/-കൂടി ഉൾപ്പെട്ടിട്ടുണ്ട്)

ബിൽ നം: 8/30.6.17

എഗ്രിമെന്റ് നം: 59/30.3.17കരാറുകാരൻ: ശ്രീ.പി.ബാലഗംഗാധരൻ

ടെണ്ടർ നിരക്ക്: 8% കുറവ് അളവു പുസ്തകം: 187/15-16

ആകെ പ്രവൃത്തിമൂല്യം : 66675/-

നികുതികൾ (-) : 4001/-

കരാറുകാരൻ കൈപ്പറ്റിയത്: ₹.62674/-

കരാറുകാരന് അനുവദിക്കാവുന്നത്: 66675-4001(നികുതികൾ)- 5334ടെണ്ടർ ഡീവിയേഷൻ) = ₹.57340/-

അധികം നൽകിയത്: ₹.5334/-

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 18/30.7.18ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ ₹.5334/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-12 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയതിന്റെ പൂർത്തീകരണ രേഖകൾ/തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് തുക നൽകിയതിന്റെ പൂർത്തീകരണ രേഖകൾ/തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| പ്രൊജക്ട് നം. | പ്രൊജക്ട് | ട്രഷറി ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 104/18 | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ (എസ്.സി.പി) | 23/23.10.17 | 300000 | അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി സെക്ഷൻ, ചിറ്റൂർ |
| 103/18 | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ (ജനറൽ) | 22/23.10.17 | 700000 | അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി സെക്ഷൻ, ചിറ്റൂർ. |
| 107/18 | കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (ജനറൽ) | 20/23.10.17 | 244000 | എക്സി.എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, KWA, പാലക്കാട് |
| 202/18 | കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (ജനറൽ) | 43/21.3.18 | 120000 | എക്സി.എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, KWA, പാലക്കാട് |

ഡെപ്പോസിറ്റ് പവൃത്തികൾക്ക് തുക നൽകുമ്പോൾ പഞ്ചായത്ത്സെക്രട്ടറി നിർവ്വഹണ ഏജൻസിയുമായി ഉടമ്പടി വയ്ക്കേണ്ടതും, ഡെപ്പോസിറ്റ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതുമാണ്

# 3-13 ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ

ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആയുർവ്വേദ മരുന്ന വാങ്ങൽ പദ്ധതി -123/18 പ്രകാരം 150000/- രൂപ (ട്രഷറി ബിൽ നം.01/17-18/15.2.2018) ഔഷധിയ്ക്ക് നൽകിയിട്ടുള്ളതിൽ 77,711/- രൂപയ്ക്കുള്ള മരുന്നുകൾ താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം ലഭ്യമായിട്ടുണ്ട്

| ഇൻവോയ്സ് | തുക |
|---|---|
| 90062628/31.3.18 | 5237 |
| 90059993/24.3.18 | 20288 |
| 90070912/30.6.18 | 32992 |

| | |
|---|---|
| 900065367/29.5.18 | 19194 |
| ആകെ | 77,711/ |

ബാക്കി 72289/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-14 എസ്.എസ്.എ. വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.എസ്.എ. വിഹിതം നൽകൽ പദ്ധതി പ്രകാരം താഴെ പറയുന്ന തുക നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| | | | | |
|---|---|---|---|---|
| 23/18 | എസ്.എസ്.എ. വിഹിതം നൽകൽ വികസന ഫണ്ട് (എസ്.സി.പി) | 5/11.7.17 | 200000 | ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, എസ്.എസ്.എ, പാലക്കാട് |
| 14/18 (ജനറൽ) | എസ്.എസ്.എ. വിഹിതം നൽകൽ (ജനറൽ) | 4/11.7.17 | 50000 | ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, എസ്.എസ്.എ, പാലക്കാട് |

## 3-15 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്

32 കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്നുണ്ട്. അതിൽ 3 കുടിവെള്ള പദ്ധതികളുടെ കീഴിലുള്ള ഗുണഭോക്താക്കളിൽ നിന്നും മാത്രമാണ് വെള്ളക്കരം ഈടാക്കുന്നത്. ബാക്കി പൊതു ടാപ്പുകളാണ് എന്നാണ് പഞ്ചായത്തിന്റെ വിശദീകരണം.

വാർഷിക കണക്കുകൾ പ്രകാരം 2017-18 വർഷത്തെ വെള്ളക്കരം ഡിമാന്റ് 201840/- ലക്ഷം രൂപയാണ്. തൻവർഷ വരവ് 138380/- രൂപയും കുടിശ്ശിക വരവ് 51245/- രൂപയും ഉൾപ്പെടെ ആകെ വരവ് 189625/-രൂപയാണ്.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി വൈദ്യുതിചാർജ്, വേതനം, റിപ്പയർ ചാർജ്ജ് ഇനങ്ങളിൽ ഗ്രാമപഞ്ചായത്തിന് വൻ ചെലവ് വരുന്നുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു

| | |
|---|---|
| വൈദ്യുതി ചാർജ്ജ് | 378245 |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 56000 |
| അറ്റകുറ്റപണികൾക്കായുള്ള ചെലവ് | 120064 |
| ആകെ | 554309 |

കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ ചെലവും വരവും തമ്മിൽ 364684/- രൂപയുടെ അന്തരമുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ളപദ്ധതികൾ കൂടാതെ വാട്ടർ അതോറിറ്റിയുടെ 48 പൊതുടാപ്പുകളും നിലവിലുണ്ട്. ടാപ്പൊന്നിന് 5250/- രൂപ പ്രകാരം ഈയിനത്തിൽ തൻ വർഷം 252000/- രൂപ വെള്ളക്കരം അടവാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. ഓരോ കുടിവെള്ളപദ്ധതിക്കു കീഴിലും ഉള്ള ഗുണഭോക്താക്കളുടെ വെള്ളക്കരത്തിന്റെ കൃത്യമായ കണക്ക് തയ്യാറാക്കി കുടിശ്ശിക വരുത്തിയവരിൽ നിന്നും പിഴ ഉൾപ്പെടെയുള്ള തുക ഈടാക്കേണ്ടതാണ്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വെള്ളക്കരമായി ഈടാക്കുന്ന തുക നാമമാത്രമായതിനാൽ ആയത് കാലഘട്ടത്തിനനുസൃതമായി പരിഷ്കരിക്കുന്നതിനും അധികബാധ്യത ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

3. വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കുന്നതിനായി സംയുക്തപരിശോധന നടത്തേണ്ടതും ഉപയോഗശൂന്യമായ പൊതുടാപ്പുകളുടെ വെള്ളക്കരം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

4. സർക്കാർ ഉത്തരവ് (സാ.)നം.1275/2009/ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏൽപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് നടപ്പാക്കേണ്ടതാണ്.

5. ഗാർഹിക പൈപ്പ്ലൈൻ കണക്ഷൻ പരമാവധി പേർക്ക് ലഭ്യമാക്കി പൊതുടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

ആയതിനാൽ പഞ്ചായത്തിന്റെ ബാധ്യതയായി മാറിയിരിയ്ക്കുന്ന കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, ഗുണഭോക്തൃസമിതി രൂപീകരിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറി കിട്ടിയതും ഗ്രാമ പഞ്ചായത്ത് നേരിട്ട് നടത്തുന്നതുമായ കുടിവെള്ള പദ്ധതികളുടെ ആസ്തി-ബാധ്യതകൾ നിർണ്ണയിച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിട്ടുള്ളതാണെങ്കിലും നാളിതുവരെയായും നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 3-16 മാലിന്യസംസക്കരണം പദ്ധതികൾ നടപ്പിലാക്കിയില്ല.

പഞ്ചായത്ത് പരിധിയിലുള്ള ജൈവ-അജൈവ മാലിന്യങ്ങളുടെ അളവ്, ഉറവിടങ്ങൾ നിർമാർജ്ജന സാധ്യതകൾ എന്നിവ സംബന്ധിച്ച പഠനം നടത്തി മാലിന്യസംസ്കരണം, നിർമാർജ്ജനം പദ്ധതി പ്രവർത്തനങ്ങൾ ഒന്നും തന്നെ തൻ വർഷം നടപ്പിലാക്കിയിട്ടില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166 പ്രകാരം മാലിന്യ സംസ്കരണം സ്ഥാപനത്തിന്റെ അനിവാര്യ ചുമതലയിൽ ഒന്നാണ്.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം മാലിന്യസംസ്കരണം പ്രോജക്റ്റ് (നം.150) പ്രകാരം 2169400/-രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

ഉറവിടമാലിന്യ സംസ്കരണം ഫലപ്രദമായി നടത്തുന്നതിനും, മാലിന്യ നിർമാർജ്ജന സാധ്യതകൾ എന്നിവയെപറ്റി വിവരങ്ങൾ ശേഖരിക്കുവാനും, ആയതനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിനും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ എടുത്ത് ഭരണ

സമിതിയോട് ശുപാർശ ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഒന്നായ ഖരദ്രവമാലിന്യ നിർമാർജ്ജനത്തിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്നത് 5,00,000 രൂപയാണ്. 2017-18 ലെ അന്തിമ പദ്ധതി രേഖ പ്രകാരം 9,35,000 രൂപയും , ഡി പി സി അംഗീകരിച്ച വാർഷിക പദ്ധതി പ്രകാരം 21,69,400 രൂപയും ആണ്. എന്നാൽ മാലിന്യ സംസ്കരണത്തിനായി യാതൊരു തുകയും ചിലവഴിച്ചിട്ടില്ല. ബജറ്റിൽ വകയിരുത്തിയ തുകയും അംഗീകാരം ലഭിച്ച പദ്ധതി തുകയും തമ്മിലുള്ള അന്തരം വെളിവാക്കുന്നത് പദ്ധതി ആസൂത്രണത്തിലെ പാളിച്ചയാണ്.

വർക്കിങ്ങ് ഗ്രൂപ്പ് മിനിറ്റ്സിൽ ഈ വിഷയം ചർച്ച ചെയ്തതിന്റെ രേഖപ്പെടുത്തൽ ഒന്നും തന്നെയില്ല. പദ്ധതി അതിന്റെ ലക്ഷ്യം കൈവരിക്കുന്നതിന് സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും വർക്കിങ്ങ് ഗ്രൂപ്പിന്റെയും ഫലപ്രദമായ ഇടപെടൽ അനിവാര്യമാണ്

പ്രോജക്ട് ആസൂത്രണം ചെയ്ത് സമയ ബന്ധിതമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ,ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട ശുചിത്വം, മാലിന്യ സംസ്കരണം വർക്കിംഗ് ഗ്രൂപ്പ് തങ്ങളുടെ ഉത്തരവാദിത്വം ശരിയായരീതിയിൽ നിർവഹിച്ച് പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതും പ്രോജക്ടുകൾ ഉദ്ദേശലക്ഷ്യം കൈവരിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

മാലിന്യ സംസ്കരണ പ്രൊജക്ടുകൾ ‘ഹരിത കേരളം‘ മിഷന്റെ ഭാഗമായിട്ടുള്ള ശുചിത്വ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുന്ന രീതിയിൽ ആവിഷ്കരിക്കേണ്ടതും ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുകയും അജൈവ മാലിന്യം ശേഖരിച്ച് പുന:ചംക്രമണവിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യേണ്ടതാണ്.

## 3-17 സൈക്കിൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത രേഖകൾ ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവ്വഹണം ചെയ്ത 8,9 ക്ലാസ്സുകളിലെ പട്ടികജാതി കുട്ടികൾക്ക് സൈക്കിൾ വാങ്ങൽ (142/18) പദ്ധതി പ്രകാരം ആകെ 369830/-രൂപ ചെലവുണ്ട്. ട്രഷറി ബിൽ നം. 7/11.7.2017 - 302600/-രൂപ, ട്രഷറി ബിൽ നം. 41/22.3.2018 – 67230/- രൂപ.

സഫാരി ട്രേഡിംഗ് കമ്പനിയുടെ 12/17.5.2017 ഇൻവോയ്സ് പ്രകാരം 302600/- രൂപയുടെ സൈക്കിൾ (38+30)ലഭ്യമായി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുണ്ട്.

ട്രഷറി ബിൽ നം.41/22.3.18 – 67230/- രൂപയുടെ സൈക്കിൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത രേഖകൾ ലഭ്യമായിട്ടില്ല. ആയതിനാൽ 67230/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 17/30.7.18)

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രൊജക്ടിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | പേര് | | |
|---|---|---|---|---|---|
| കേന്ദ്ര വിഹിതം | 2016-17 | 45534 | അംഗൻവാടി പോഷകാഹാരം | 215197 | 386894 |
| | 2017-18 | 556557 | | | |
| കേന്ദ്ര വിഹിതം | 2013-14 | 256758 | സബല | 0 | 256758 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1973748 | ഉഴവുകൂലി | 1973748 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | പാലിയേറ്റീവ് കെയർ | 252661 | 47339 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 310371 | പാലിന് സബ്സിഡി | 310371 | 0 |
| ജില്ലാ പഞ്ചായത്ത് | | 100000 | | 100000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി, ചിറ്റൂർ | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ (എസ്.സി.പി) | 23/23.10.17 | 300000 | 0 | 300000 |
| കെ.എസ്.ഇ.ബി, ചിറ്റൂർ | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ (ജനറൽ) | 22/23.10.17 | 700000 | 0 | 700000 |
| KWA, പാലക്കാട് | കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (ജനറൽ) | 20/23.10.17 | 244000 | 0 | 244000 |

| | | | | | |
|---|---|---|---|---|---|
| KWA, പാലക്കാട് | കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (ജനറൽ) | 43/21.3.18 | 120000 | 0 | 120000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(എം.എസ്). നം.40/2010/ തസ്വഭവ/3.3.2010 | 1612000 | 782979 | 782979 | | 0 |

## 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 144131രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3-9(1), (2),(3) | 35983 57950 | സൈനുലാബ്ദീൻ, അസിസ്റ്റന്റ് എഞ്ചിനീയർ | കരാറുകാരുടെ 2017-18ലെ വർക്ക് ബില്ലിൽ നിന്നും കുറവ് ചെയ്ത തുക 27.7.17ന് തനത് ഫണ്ട് TSB |

| | | | | |
|---|---|---|---|---|
| | | | | A/c.19ലേക്ക് credit ചെയ്തു |
| 2016-17 | 3-9(4) | 21592 | -ടി- | 11708102480/23.1.17 |
| 2016-17 | 2-6 | 2000 | എൻ.എസ്.ഫ്യൂവൽസ്, പൊൽപ്പുള്ളി | 11708103415/23.2.18 |
| 2015-16 | 3-2 | 26606 | ജഗദീഷ്കുമാർ, ഇലക്ട്രിക്കൽ കോൺട്രാക്ടർ, മാഗ്ന വിഷൻ | 11708101372/10.10.17 |
| ആകെ | | 144131 | | |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡികകളൊന്നും ഉൾപ്പെട്ടിട്ടില്ല.

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | 2009-10 | 3-2<br>3-4 | ശ്രീ.വി. നന്ദ കുമാർ,<br>സെക്ര ട്ടറി | LF. 3041/ Spl. Cell/ CSC/ D3/ 13/ dated, 10.12.15 | 125000 | -- | -- | -- | -- | -- | -- | സർക്കാർ സാധൂ കരണം ലഭ്യമാക്കി<br>നം.54732/ എബി.3/ 14/തസ്വ ഭവ, തീ.<br>19.9.14<br>ഖണ്ഡികകൾ ഒഴിവാക്കി |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹. 45625686 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹.47815574 |
| വരവിനങ്ങളിലുള്ള നഷ്ടം | : | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹.20334/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹.393270/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | ₹.15000/- | രൂപേഷ്, വി.ഇ.ഒ. |
| 3-11 | | ₹.5334/- | ശ്രീ.സൈനലാബ്ദീൻ.എ., അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 20334/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(II) | 326040/- | നൗഷാദ്.എ.വൈ, സെക്രട്ടറി |
| 3-17 | 67230/- | നൗഷാദ്.എ.വൈ, സെക്രട്ടറി |
| ആകെ | 393270/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| രൂപേഷ്, വി.ഇ.ഒ. | സസ്പെൻഷൻ | മീന ഭവൻ,,<br><br>കുന്നത്തുപാളയം,<br>തെക്കേ ഗ്രാമം,ചിറ്റൂർ,<br>പാലക്കാട് -678103 |
| ശ്രീ.സൈനലാബ്ദീൻ.എ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് | ബർക്കത്ത് ഹൗസ്, ചെന്താമര നഗർ,പാലത്തുള്ളി റോഡ്, തത്തമംഗലം, പാലക്കാട് -678102 |
| നൗഷാദ്.എ.വൈ, സെക്രട്ടറി | സെക്രട്ടറി, പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് | നിഷ കോട്ടേജ്, വസന്ത് നഗർ, പള്ളിക്കുളം, പിരായിരി(പി.ഒ.), പാലക്കാട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി8/15/98/26-11-2005 | 8 |
| 1997-98 | എൽ.എഫ്.പി7/388/2001/5.7.2002 | 4 |
| 1998-99 | എൽ.എഫ്.പി14/868/2006/27.9.2006 | 10 |
| 1999-2000 | എൽ.എഫ്.പി14/868/2006/27.9.2006 | 18 |
| 2000-01 പ്ലാൻ ഒഴികെ | എൽ.എഫ്.പി14/608/2011/14.9.2011 | 11 |
| 2000-01 പ്ലാൻ | എൽ.എഫ്.പി14/1082/2006/28.3.2007 | 6 |
| 2001-02 പ്ലാൻ ഒഴികെ | എൽ.എഫ്.പി14/868/2006/27.9.2006 | 2 |
| 2001-02 പ്ലാൻ | എൽ.എഫ്.പി14/609/2011 /2.6.2011 | 4 |
| 2002-03 | എൽ.എഫ്.പി14/610/11/23-8-2011 | 4 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.പി14/611/11/23-8-2011 | 12 |
| 2004-05 | എൽ.എഫ്.പി14/692/12/12-6-2012 | 5 |
| 2005-06 | എൽ.എഫ്.പി14/697/12/7-5-2012 | 8 |
| 2006-07 | എൽ.എഫ്.പി14/717/12/7-5-2012 | 10 |
| 2007-08 | എൽ.എഫ്.പി11/612/15/30-6-2015 | 6 |
| 2008-09 | കെ.എസ്.എ.പി.കെ.ഡി.11/2144 /15/5-3-2016 | 4 |
| 2009-10 | എൽ.എഫ്.പി11.2140/2014/1-12-2014 | 8 |
| 2010-11 | എൽഎഫ്.പി11/1896/2013/4-12-2013 | 7 |
| 2011-12 | കെ.എസ്.എ.പി.കെ.ഡി.11/1478 /15/19-9-2015 | 8 |
| 2012-13 | കെ.എസ്.എ-പികെഡി-11/1939 /15/31.3.2016 | 7 |
| 2013-14& 2014-15 | കെ.എസ്.എ-പികെഡി-11/1072 /16/18-10-2016 | 17 |
| 2015-16 | കെ.എസ്.എ-പികെഡി.11-744/2018 /14-5-2018 | 7 |
| 2016-17 | നം.കെ.എസ്.എ.പി.കെ.ഡി.11-1752/2017 /27.3.2018 | 15 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) , 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക

ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകൾ

1) വസ്തു നികുതി-തൻവർഷം,അരിയർ കണക്കുകൾ (ഡിമാന്റ്,കളക്ഷൻ,ബാലൻസ് തുകകൾ) സാംഖ്യയിലും സഞ്ചയയിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

2) രജിസ്റ്റർ പ്രകാരമുള്ള വെള്ളക്കരം ഡിമാന്റ് ,ബാലൻസ് എന്നിവ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല.

3) ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ആസ്തികൾക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

4) ബി ഫണ്ട്-വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം യഥാർത്ഥ കണക്ക് സാംഖ്യയിൽ പ്രതിഫലിക്കുന്നില്ല

5) സാമൂഹ്യ സുരക്ഷാപെൻഷനുകൾ-യഥാർത്ഥത്തിൽ വിതരണം ചെയ്ത തുകയും വാർഷിക കണക്കിലെ തുകയും തമ്മിൽ വ്യത്യാസം

6) പെർമിറ്റ് രജിസ്റ്റർ, റെഗുലറൈസേഷൻ രജിസ്റ്റർ എന്നിവയിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

7) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -2

## പത്രികകൾ

1. റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്-സംക്ഷിപ്തം (Audited Abstract)

| For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 5798377.00 |
| Cash | Cash | RP-40(a) | 5791.00 |

| | | | |
|---|---|---|---|
| | Operating | | |
| 110000000 | Tax Revenue | RP-1 | 335960.00 |
| 130000000 | Rental income from Panchayat Properties | RP-3 | 125750.00 |
| 140000000 | Fees & User Charges | RP-4 | 334350.00 |
| 150000000 | Sale & Hire Charges | RP-5 | 157701.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 36164727.00 |
| 171000000 | Interest Earned | RP-9 | 66166.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5413751.00 |
| 350000000 | Other Liabilities | RP-36 | 51015.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 645239.00 |
| 340000000 | Deposits Received | RP-34 | 291454.00 |
| 350000000 | Other Liabilities | RP-36 | 105904.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1917669.00 |
| 460000000 | Loans, Advances and Deposits | RP-47 | 16000.00 |
| | Grand total | | 51429854.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2202272.00 |
| 220000000 | Administrative Expenses | RP-12 | 991867.00 |
| 230000000 | Operations & Maintenance | RP-13 | 1598383.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6242823.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 6184246.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3196218.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 704495.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 359056.00 |
| 255000000 | Maintenance Projects | RP-20 | 7588440.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 20500.00 |
| 280000000 | Prior Period item | RP-26 | -1300.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3469863.00 |
| 350000000 | Other Liabilities | RP-36 | 4418239.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 45.00 |
| 280000000 | Prior Period Item | RP-26 | -3362.00 |
| 330000000 | Secured Loans | RP-32 | 782979.00 |
| 340000000 | Deposits Received | RP-34 | 127585.00 |
| 350000000 | Other Liabilities | RP-36 | 1718768.00 |
| 410000000 | Fixed Assets | RP-38 | 3025773.00 |
| 412000000 | Capital work in Progress | RP-40 | 2872763.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1383102.00 |
| 460000000 | Loans, Advances and Deposits | RP-47 | 932819.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 3578356.00 |
| Cash | Cash | RP-40(b) | 35924.00 |
| | Grand Total | | 51429854.00 |

2. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്-സംക്ഷിപ്തം (Audited Abstract)

| For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 1998720.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 125750.00 |

| | | | |
|---|---|---|---|
| 140000000 | Fee & User Charges | I-4(b) | 537569.00 |
| 150000000 | Sale & Hire Charges | I-5(b) | 157701.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 76994843.00 |
| 171000000 | Interest Earned | I-8 | 66166.00 |
| 180000000 | Other Income | I-9 | 656075.00 |
| | Total Income | | 80536824.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8435334.00 |
| 220000000 | Administrative Expenses | I-11(b) | 1008815.00 |
| 230000000 | Operations & Maintenance | I-12(b) | 1687966.00 |
| 240000000 | Interest & Finance Charges | I-13 | 45.00 |
| 250000000 | Decentralised Plan Programme- Productive Sector / Programme Expenses | I-14 | 9904861.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 19752936.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | I-14(b) | 3196218.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 704495.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 23977616.00 |
| 255000000 | Maintenance Projects | I-14(e) | 7588440.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 20500.00 |
| | Total Expenditure | | 76277226.00 |
| | Gross Surplus/ Deficit of income over Expenditure | | 4259598.00 |

| | | | |
|---|---|---|---|
| 280000000 | Prior Period Item | I-18 | -1696863.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 5956461.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

3. ബാലൻസ് ഷീറ്റ്-സംക്ഷിപ്തം (Audited Abstract)

| For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 16667287.25 |
| 312000000 | Reserves | B-3 | 28271102.00 |
| | Total Reserve & Surplus | | 44938389.25 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 1807816.00 |
| | Total Grants, Contributions for Specific Purposes | | 1807816.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 750410.00 |
| 350000000 | Other Liabilities | B-9 | 720046.75 |
| | Total Current Liabilities and Provisions | | 1470456.75 |
| | TOTAL LIABILITIES | | 48216662.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 42266001.00 |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 42266001.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1834582.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 3614280.00 |
| 460000000 | Loand, Advances and Deposits | B-18 | 501799.00 |
| | Total Current Assets, Loans and Advances | | 5950661.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 48216662.00 |